(ബി) മേൽപ്പറഞ്ഞ ഉദ്യമങ്ങളെല്ലാം തന്നെ വിശദമായ കൂടിയാലോചനയ്ക്കു ശേഷം നിർവ്വഹണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനാണ് ഉദ്ദേശ്യം. വിവര സാങ്കേതിക വിദ്യ/കമ്പ്യൂട്ടർവൽക്കരണം എന്നിവ സംബന്ധമായ നടപടികൾ പല വകുപ്പുകളിലും പൂർത്തിയായി വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഔഷധ സംബന്ധമായ ഫോർമുലറി ഇതിനകം തയ്യാറായിട്ടുണ്ട്. രോഗ നിർണ്ണയത്തിനും വിദഗ്ധോപദേശത്തിനുമായി ടെലി മെഡിസിൻ സമ്പ്രദായം ഏർപ്പെടുത്തി. ഔഷധങ്ങൾ വാങ്ങുന്ന സമ്പ്രദായവും വിവിധ ക്രയ സമ്പ്രദായങ്ങളും പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പൊതുജനാരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള "പൗരാവകാശ രേഖ" ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്.

(സി) പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിട്ടില്ല.

(ഇ) സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിരുന്ന വിവിധയിനം ഫീസ് നിരക്കുകൾ 1994-ൽ വർദ്ധിപ്പിച്ചതിനുശേഷം പ്രസ്തുത നിരക്കുകൾ വീണ്ടും വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ടില്ല. സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ഫീസും വർദ്ധിപ്പിച്ചിട്ടില്ല.

പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ ഉടനടി ഡിസ്പോസ് ചെയ്യാൻ നടപടി

*6 [306] ശ്രീ. ടി. പി. എം. സാഹിർ :
,, സി. ടി. അഹമ്മദ് അലി :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങൾ പിടിച്ചെടുത്ത് അധീനതയിൽ സൂക്ഷിക്കാൻ ട്രാഫിക് പോലീസിന് അധികാരമുള്ളതുപോലെ പോലീസിലെ മറ്റ് വിഭാഗത്തിലുള്ളവർക്കും അതിനധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ബി) ഇങ്ങനെ പോലിസ് അധീനതയിൽ സൂക്ഷിക്കുന്ന വാഹനങ്ങളുടെ കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പിടിച്ചെടുത്ത വാഹനങ്ങൾ തിരികെ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ട്;

(ഡി) തിരികെ നൽകുന്ന വാഹനങ്ങളുടെ മിക്ക ഭാഗങ്ങളും കാണാതെ പോകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇങ്ങനെയുള്ള നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ;

(എഫ്) ഇല്ലെങ്കിൽ പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന ഇത്തരം വാഹനങ്ങൾ ഒരു നിശ്ചിത തീയതിക്കകം ഉടമസ്ഥന് തിരികെ കൊടുക്കാനോ അതല്ലെങ്കിൽ ലേലം ചെയ്ത് വിൽക്കാനോ വേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) അധികാരം ഉണ്ട്. സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനങ്ങൾ പിടിച്ചെടുക്കാൻ നിയമപ്രകാരം അധികാരം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പോലീസ് കസ്റ്റഡിയിലും, കോടതി ഉത്തരവ് പ്രകാരം സ്റ്റേഷനിലും സൂക്ഷിക്കുന്ന വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. †

(സി) താഴെ പറയുന്ന കാരണങ്ങൾകൊണ്ട് വാഹനങ്ങൾ വിട്ടുകൊടുക്കാൻ കാലതാമസം നേരിടാറുണ്ട്.

1. കോടതിയിൽ ഹാജരാക്കപ്പെടുന്ന വാഹനം വിട്ടുകൊടുക്കാൻ കോടതി ഉത്തരവ് ഉണ്ടാകാനുള്ള കാലതാമസം.
2. പിടിച്ചെടുത്ത വാഹനത്തിന്റെ നിയമാനുസരണ രേഖകൾ യഥാസമയം ഹാജരാക്കാത്തതിനാൽ ഉള്ള കാലതാമസം.
3. ശാസ്ത്ര/ഫോറൻസിക് പരിശോധന ആവശ്യമായ വാഹനങ്ങൾ പരിശോധന നടത്തി സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിലേക്കുള്ള കാലതാമസം.

(ഡി) ഇത്തരത്തിലുള്ള ഒരു പരാതിയും ലഭിച്ചിട്ടില്ല. കാലപ്പഴക്കംമൂലം വാഹനങ്ങളുടെ ഭാഗങ്ങൾക്കുണ്ടാകുന്ന നാശനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ്) ഈ കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly